പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 420 19.03.2013 ൽ മറുപടിക്ക്

# പുതിയ വൈദ്യുതി കണക്ഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ എത്ര പുതിയ വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടു ണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) പുതിയ കണക്ഷൻ നൽകുന്നതിനുള്ള സാധന സാമഗ്രികളുടെ ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ പ്രസ്തുത ദൗർലഭ്യം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ; | (സി) 1850 കിലോ മീറ്റർ എസി. എസ്. ആർ റാബ്ബൺ, 13450 കിലോ മീറ്റർ റാബിറ്റ്, 12700 കിലോ മീറ്റർ വീസൽ, 1500 കിലോ മീറ്റർ സ്ക്വറൽ കണ്ടക്റ്ററുകൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.<br>ആർ.ജി.ജി.വി.വൈ പദ്ധതി പ്രകാരം 781 കിലോമീറ്റർ റാബ്ബൺ, 1083 കിലോമീറ്റർ റാബിറ്റ്, 836 കിലോ മീറ്റർ വീസൽ കണ്ടക്റ്ററുകൾ എന്നിവയ്ക്ക് ഓർഡർ കൊടുത്തു കഴിഞ്ഞു. |

65000 കോയിൽ വെതർ പ്രൂഫ് സർവ്വീസ് വയർ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങളും പൂർത്തിയായി വരികയാണ്.

12 ലക്ഷം സിംഗിൾ ഫേസ് മീറ്ററുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. ത്രീഫേസ് മീറ്ററുകൾക്ക് പർച്ചേസ് ഓർഡർ നൽകി കഴിഞ്ഞു. ത്രീഫേസ് മീറ്ററുകൾ ഉടൻ കണക്ഷൻ നൽകുന്നതിന് ലഭ്യമാകുന്നതാണ്.

(ഡി) കണക്ഷൻ നൽകുന്നതിനാവശ്യമായ സർവ്വീസ് വയർ, മീറ്റർ തുടങ്ങിയവയുടെ ദൗർലഭ്യത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

(ഡി) 1. പ്രതീക്ഷിക്കാത്ത തരത്തിൽ ഡിപ്പോസിറ്റ് വർക്കുകൾ കൂടുതലായി വന്നു.

2. സിംഗിൾ ഫേസ് മീറ്ററിന്റെ കാര്യത്തിൽ വിജിലൻസ് കേസ് നിലവിലുള്ളതിനാൽ 25% അധികമായി നൽകാമായിരുന്ന 2 ലക്ഷം മീറ്ററുകളുടെ പർച്ചേസ് ഓർഡർ നൽകാൻ കഴിഞ്ഞില്ല.

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**അനുബന്ധം: ചോദ്യം നമ്പർ 420**

| ജില്ലയുടെ പേര് | കണക്ഷനുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 74703 |
| കൊല്ലം | 47341 |
| പത്തനംതിട്ട | 20895 |
| കോട്ടയം | 32678 |
| ഇടുക്കി | 25882 |
| ആലപ്പുഴ | 32496 |
| എറണാകുളം | 78115 |
| തൃശ്ശൂർ | 67810 |
| പാലക്കാട് | 63958 |
| മലപ്പുറം | 96297 |
| കോഴിക്കോട് | 76456 |
| വയനാട്. | 22308 |
| കണ്ണൂർ | 63200 |
| കാസർഗോഡ് | 40075 |

സെക്ഷൻ ഓഫീസർ